പാലക്കാട്	41
കോട്ടയം	10
കോഴിക്കോട്	5
മലപ്പുറം	7
കണ്ണൂർ	26
വയനാട്	7
കാസർഗോഡ്	13

(സി) ജില്ലാതലത്തിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ മാത്രമേ ആ ജില്ലയിൽ താൽക്കാലിക ജീവനക്കാർ സർവ്വീസിൽ തുടരുകയുള്ളൂ. ജില്ലമാറി നിയമനം നടത്താത്തതിനാൽ മെത്തം അൻപതിൽ (50) കൂടുതൽ വേക്കൻസി ഉണ്ടാകും.

ജെ.എച്ച്.ഐ. കോഴ്സിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

36(1850) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ ഫാമിലി വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നടത്തുന്ന സ്ഥാപനത്തിൽ പ്രസ്തുത കോഴ്സ് ഇപ്പോഴും നടക്കുന്നുണ്ടോ ;

(ബി) ആരോഗ്യ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ എത്ര ശതമാനം പേരെയാണ് പ്രസ്തുത വകുപ്പിൽനിന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സിന് തെരഞ്ഞെടുക്കുന്നത് ;

(സി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും ജെ. എച്ച് .ഐ. കോഴ്സിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ ;

(ഡി) ഏറ്റവും അവസാനമായി ഏതുവർഷം സർവ്വീസിൽ പ്രവേശിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽനിന്നാണ് ജെ.എച്ച്.ഐ. കോഴ്സിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽനിന്നും 4 പേരെയാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സിന് തെരഞ്ഞെടുക്കുന്നത്.

(സി) എസ്.എസ്.എൽ.സി. പാസ്സായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സർവീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് ജെ.എച്ച്.ഐ. പരിശീലനത്തിന് തെരെഞ്ഞെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1986-ൽ സർവീസിൽ പ്രവേശിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നാണ് ജെ.എച്ച്.ഐ. കോഴ്സിനു തെരഞ്ഞെടുത്തിട്ടുള്ളത്.

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന നേഴ്സിംഗ് സ്കൂളുകൾ

37(1851) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്ന നഴ്സിംഗ് സ്കൂളുകളുടെ പ്രവർത്തനം നിരോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്ന എത്ര നഴ്സിംഗ് സ്കൂളുകളുണ്ട് ;

(സി) ഇപ്പോൾ ഏതൊക്കെ നഴ്സിംഗ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(ഡി) നഴ്സിംഗ് സ്കൂളുകൾക്ക് അംഗികാരം നൽകുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) അനധികൃതമായി പ്രവർത്തിക്കുന്ന നഴ്സിംഗ് സ്കൂളുകളുടെ മാനേജ്മെന്റിനെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) സ്വകാര്യമേഖലയിൽ ആകയാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) 140 നഴ്സിംഗ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. (പേര് വിവരം അനുബന്ധത്തിൽ കാണാവുന്നതാണ്).†

(ഡി) ഇന്ത്യൻ നഴ്സിംഗ് കൺസിൽ മാർഗ്ഗരേഖയനുസരിച്ച് മിനിമം 150 കിടക്കുകളോടുകൂടി പ്രധാന ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിക്കുന്ന സ്വകാര്യആശുപത്രികൾക്ക് സ്ഥലസൗകര്യമുണ്ടെങ്കിൽ നഴ്സിംഗ് സ്കൂൾ തുടങ്ങുന്നതിന് സംസ്ഥാന നഴ്സിംഗ് കൗൺസിലിന് അനുമതി നൽകാവുന്നതാണ്.

(ഇ) ഈ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

ഹോമിയോ നഴ്സ്-കം-ഫാർമസി കോഴ്സിനു അംഗീകാരം

38(1853) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly